**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3688** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി സബ് ആർ.ടി.ഒ. ഓഫീസിന് കീഴിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് സ്ഥലസൗകര്യം ഇല്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. താലൂക്ക് വികസന സമിതി തീരുമാന പ്രകാരം തെന്നല വില്ലേജിലെ റീ.സ.196/4-ൽ ഉൾപ്പെട്ട 40 സെന്റോളം വരുന്ന ഭൂമിയിൽ തിരൂരങ്ങാടി സബ് ആർ.ടി.ഒ. ഓഫീസിന് കീഴിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി, മോട്ടോർ വാഹന വകുപ്പ്, തിരൂരങ്ങാടി തഹസിൽദാർ മുഖേന മലപ്പുറം ജില്ലകളക്ടറോട് രേഖാമൂലം അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഓഫീസിന് കീഴിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് സ്ഥലം അനുവദിക്കുന്നതിന് വേണ്ടി നൽകിയ പ്രൊപ്പോസലുകളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. താലൂക്ക് വികസന സമിതി തീരുമാന പ്രകാരം തെന്നല വില്ലേജിലെ റീ.സ.196/4-ൽ ഉൾപ്പെട്ട 40 സെന്റോളം വരുന്ന ഭൂമിയിൽ തിരൂരങ്ങാടി സബ് ആർ.ടി.ഒ. ഓഫീസിന് കീഴിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി, മോട്ടോർ വാഹന വകുപ്പ്, തിരൂരങ്ങാടി തഹസിൽദാർ മുഖേന മലപ്പുറം ജില്ലകളക്ടറോട് രേഖാമൂലം അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | ഈ ആവശ്യം ഉന്നയിച്ച് തെന്നല ഗ്രാമപഞ്ചായത്തിന് കീഴിൽ വരുന്ന സ്ഥലം അനുവദിക്കുന്നതിന് നൽകിയ പ്രൊപ്പോസലിൽ അനുകൂല തീരുമാനം എടുക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ? | (സി) | തെന്നല ഗ്രാമപഞ്ചായത്തിന് കീഴിൽ വരുന്ന സ്ഥലം ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനായി അനുവദിക്കുന്നതിന് നൽകിയ പ്രൊപ്പോസലുകളിൽ അനുകൂല തീരുമാനം എടുക്കുന്നതിന് നിയമതടസ്സങ്ങളുള്ള വിവരം മോട്ടോർ വാഹന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ